## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : T 1748

04.10.2016 - ൽ മറുപടിക്ക്

# ത്രിവേണി സ്റ്റോറുകൾ

**ചോദ്യം**

ശ്രീമതി.പി.അയിഷാ പോറ്റി

**മറുപടി**

**ശ്രീ. എ.സി.മൊയ്തീൻ**
**(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കൊല്ലം ജില്ലയിൽ നഷ്ടം മൂലം നിർത്തലാക്കിയ ത്രിവേണി സ്റ്റോറുകൾ ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ചിന്നക്കട, ഇരവിപുരം, മുളങ്കാടകം, പരവൂർ, കരുനാഗപ്പള്ളി, പൂയപ്പള്ളി എന്നീ 6 ത്രിവേണി സ്റ്റോറുകളാണ് കൊല്ലം ജില്ലയിൽ നഷ്ടം മൂലം നിർത്തലാക്കിയിരിക്കുന്നത്. |
| (ബി) | പ്രസ്തുത ജില്ലയിൽ നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്ന ത്രിവേണി സ്റ്റോറുകൾ നിലവിലുണ്ടോ ;വിശദീകരിക്കാമോ; | (ബി) | കൊല്ലം ജില്ലയിൽ 30 ത്രിവേണി സ്റ്റോറുക ളാണ് നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്നത്. ഇതിൽ ഭീമമായ നഷ്ടത്തിലുള്ള പെരുമൺ, ഡീസൻറ് മുക്ക്, തുരുത്തിക്കര, അയ്യത്തോട്ടുവ, നെടുവത്തൂർ, പതാരം എന്നീ ത്രിവേണികൾ നിർത്തലാക്കുന്നത് ആലോചിച്ചു വരുന്നു.<br>തലച്ചിറ, അമ്പലംകുന്ന് എന്നീ ത്രിവേണികൾ നിലവിൽ പ്രവർത്തിയ്ക്കുന്ന സ്ഥലങ്ങളിൽ നിന്നും വിൽപ്പന സാധ്യതയുള്ള അനുയോജ്യമായ മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനും മറ്റ് 22 ത്രിവേണികളിൽ യഥേഷ്ടം വിൽപ്പനയ്ക്കുള്ള സാധനങ്ങൾ എത്തിച്ച് എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾ പരമാവധി കുറച്ച് ലാഭകരമാക്കി പ്രവർത്തിപ്പിക്കുവാനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) | ത്രിവേണി സ്റ്റോറുകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും വിപണിയിൽ എത്തിച്ചും, ആദിവാസി മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ സഞ്ചരിക്കുന്ന ത്രിവേണികളുടെ സേവനം എത്തിച്ചും, 'ഇ-ടെൻഡർ' സംവിധാനം ഫലപ്രദമാക്കിയും, സപ്ലെയർമാരെ അവരുടെ കഴിഞ്ഞകാല പ്രവർത്തനത്തിന്റെയും ലഭ്യമാക്കുന്ന |

| | | | |
|---|---|---|---|
| | | | സാധനങ്ങളുടെ ഗുണമേന്മയുടെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്ത് വെൻഡറിനെ ഷോർട്ട് ലിസ്റ്റ് ചെയ്തും, ജില്ലാ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഹ്രസ്വകാല വായ്പകൾ ശേഖരിച്ചും, കേന്ദ്രീകൃത പർച്ചേസ് സംവിധാനം കൊണ്ടുവന്നും, ഗോഡൗണുകളുടെ ശൃംഖല രൂപവത്ക്കരിച്ചും, ഇ-കോമേഴ്സ് പദ്ധതി രൂപവത്ക്കരിച്ചും, സപ്ലൈകോ, ഹോർട്ടികോർപ്പ്, ഫ്രൂട്ട്സ് ആൻറ് വെജിറ്റബിൾ കൗൺസിൽ എന്നിവരുമായി ഒത്തു ചേർന്ന് പ്രവർത്തിച്ചും, ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ